"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പത്തനംതിട്ട കോന്നി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ശ്രീമതി സന്ധ്യ എസ്., സീനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീമതി ബിന്ദുഭായി കെ.കെ., എന്നിവർക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിദ്യാഭ്യാസ ഉപഡയറക്ടർ (ക്യൂ.ഐ.പി 2) ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2625/2026/GEDN തീയതി,തിരുവനന്തപുരം, 10-04-2026

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13/10/2024- ലെ ഡി.ജി.ഇ/21630/2023-വിഎ1 നമ്പർ കത്ത്.
2. കുറ്റാരോപിതർക്ക് സർക്കാർ നൽകിയ 30/06/2025- ലെ പൊവി-ഡിഎ1/170/2024/പൊ.വി.വ. നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രിക.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/02/2026 ലെ വി.ബി.5/711/2025/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട, കോന്നി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ശ്രീമതി സന്ധ്യ എസ്. (നിലവിൽ കോട്ടയം ജില്ലയിലെ വടക്കേക്കര GHS െല പ്രധാനാധ്യാപിക), സീനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീമതി.ബിന്ദുഭായി കെ.കെ. (നിലവിൽ കല്ലൂർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ട്) എന്നീ 2 ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കം പൊതു ജനങ്ങൾ ധാരാളം വന്നു പോകുന്ന വിദ്യാഭ്യാസ വകുപ്പിലെ സുപ്രധാന ഓഫീസിന്റെ (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്) പ്രവർത്തനത്തെ മുഴുവൻ താളം തെറ്റിക്കുകയും, സഹപ്രവർത്തർക്ക് ജോലി ചെയ്യാൻ പറ്റാത്ത അവസ്ഥ ഉണ്ടാക്കുകയും പൊതു വിദ്യാഭ്യാസ വകുപ്പിന് തന്നെ കളങ്കം വരുത്തുന്ന തരത്തിൽ സാമൂഹ്യ മാധ്യമങ്ങളിൽ ടി വിഷയം പ്രചരിപ്പിക്കാൻ ഇടയാകുകയും ചെയ്തത് വഴി അതീവ ഗുരുതരമായ പെരുമാറ്റ ചട്ട ലംഘനം നടത്തിയതിനാൽ ടി

ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ അതീവ ഗുരുതരമായ പെരുമാറ്റ ചട്ട ലംഘനം നടത്തി പൊതു വിദ്യാഭ്യാസ വകുപ്പിന് കളങ്കം വരുത്തുന്ന തരത്തിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥരായ പത്തനംതിട്ട കോന്നി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ശ്രീമതി സന്ധ്യ എസ്. സീനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീമതി ബിന്ദുഭായി കെ.കെ. എന്നിവർക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 1 5 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കാൻ തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ടി കറ്റപത്രത്തിന്മേൽ ടിയാളുകൾ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്. ടി പ്രതിവാദപത്രികയിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പരാമർശം (4) റിപ്പോർട്ട് പ്രകാരം മേൽ ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വിശദീകരണങ്ങൾ തൃപ്തികരമല്ലാത്തതിനാൽ ടി വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി അച്ചടക്ക നടപടി പൂർത്തീകരിക്കാവുന്നതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (2) കുറ്റപത്രത്തിന്മേൽ പത്തനംതിട്ട കോന്നി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ശ്രീമതി സന്ധ്യ എസ്. സീനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീമതി.ബിന്ദുഭായി കെ.കെ. എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വിശദീകരണം തൃപ്തികരമല്ലാത്തതിനാലും പൊതുവിദ്യാഭ്യസ ഡയറക്ടറുടെ പരാമർശം (4) - ലെ ശിപാർശയുടെ അടിസ്ഥാനത്തിലും ടിയാളുകൾക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും ചട്ടം 15 പ്രകാരമുള്ള അച്ചടക്ക നടപടി തുടരുവാൻ തീരുമാനിക്കുകയും ആയതിന്റെ ഭാഗമായ ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിദ്യാഭ്യാസ ഉപഡയറക്ടറെ (ക്യൂ.ഐ.പി 2) ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്യുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ഒരുമാസത്തിനകം റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി സന്ധ്യ എസ്., പ്രധാനാധ്യാപിക (GHS, വടക്കേക്കര, കോട്ടയം (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ശ്രീമതി.ബിന്ദുഭായി കെ.കെ., സീനിയർ സൂപ്രണ്ട്, ഉപജില്ലാ വിദ്യാഭ്യാസ

ഓഫീസറുടെ കാര്യാലയം, കല്ലൂർക്കാട്) (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിദ്യാഭ്യാസ ഉപഡയറക്ടർ (ക്യൂ.ഐ.പി 2) (പരാമർശം (2) കുറ്റപത്രം & കുറ്റാരോപണ പത്രിക, പരാമർശം (3) പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (ഫയൽ നം.ഡി.എ1/170/2024/പൊ.വി.വ. )

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 16-04-2026 10:34:25

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എയ്ക്ക്